5005502/2021/(IB) LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മുൻ അഹാഡ്സിലെ സാക്ഷരതാ ഇൻസ്ട്രക്ടർമാരായിരുന്നവരും അഹാഡ്സിന്റെ പ്രവർത്തനം അവസാനിപ്പിക്കുന്നതു വരെ അവിടെ ജോലിയിൽ തുടർന്നവരുമായ 32 പേർക്ക് വനം വകുപ്പിലും തദ്ദേശ സ്വയംഭരണ വകുപ്പിലും യോഗ്യതയ്ക്കനുസരിച്ച് സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകിക്കൊണ്ടും ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ശ്രീമതി.പാപ്പാത്തി മുതൽപേർ ഫയൽ ചെയ്ത M.A.1052/2020 (in O.A.(EKM) 965/2020) കേസിലെ 18.08.2020-ലെ വിധിന്യായം പാലിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്

G.O.(Ms) No.56/2021/LSGD തീയതി,തിരുവനന്തപുരം, 19/02/2021

പരാമർശം:- 1. 08.08.2012-ലെ സ.ഉ. (കൈ) നം. 216/2012/തസ്വഭവ ഉത്തരവ്.

2. 15.05.2013-ലെ സ.ഉ.(കൈ) നം.53/2013/വനം ഉത്തരവ്.

3. 03.06.2013-ലെ സ.ഉ.(കൈ) നം.59/2013/വനം ഉത്തരവ്.

4. ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ O.A.(EKM) 965/2020 കേസിലെ 10.07.2020-ലെ വിധിന്യായം

5. ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ M.A. 1052/2020 (in O.A.(EKM) 965/2020) കേസിലെ 18.08.2020-ലെ വിധിന്യായം

6. 07/10/2020-ലെ സ.ഉ. (സാധാ) നം.237/2020/വനം ഉത്തരവ്

7. 24/12/2020-ലെ സ.ഉ. (കൈ) നം.201/2020/തസ്വഭവ ഉത്തരവ്

ഉത്തരവ്

മുൻ അഹാഡ്സിൽ സാക്ഷരതാ ഇൻസ്ട്രക്ടർമാരായി ജോലി ചെയ്തിരുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ട ശ്രീമതി.പാപ്പാത്തി മുതൽപേർ തങ്ങൾക്കും സർക്കാർ സർവീസിൽ നിയമനം നൽകണമെന്നാവശ്യപ്പെട്ട് ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത O.A.(EKM) 965/2020 നം കേസിൽ പരാമർശം (4) വിധിന്യായം പ്രകാരം ഒന്നാം എതിർ കക്ഷിയായ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, രണ്ടാം എതിർ കക്ഷിയായ വനം വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എന്നിവർ യഥാക്രമം 3,5,6 എതിർ കക്ഷികളായ ഗ്രാമവികസന കമ്മീഷണർ, മണ്ണാർക്കാട് ഡി.എഫ്.ഒ., അഹാഡ്സ് ചെയർമാൻ (നിലവിൽ ഇല്ല) എന്നിവരിൽ നിന്നും രണ്ട് മാസത്തിനുള്ളിൽ റിപ്പോർട്ട് വാങ്ങി പരിശോധിച്ച് അടുത്ത രണ്ടു മാസത്തിനുള്ളിൽ തീരുമാനം എടുക്കുവാൻ ബഹു. ട്രിബ്യൂണൽ ഉത്തരവായിരുന്നു.

2) ഇതിനിടെ OA(EKM)-965/2020 നമ്പർ കേസിൽ ഫയൽ ചെയ്ത M.A.(EKM)-1052/2020-യിൽ ബഹു. ട്രിബ്യൂണലിന്റെ 10/08/2020 ലെ പരാമർശം (5) വിധിന്യായം പ്രകാരം പരാമർശം (4)

വിധിന്യായത്തിലെ ഉത്തരവ് ഭേദഗതി വരുത്തി താഴെ പറയുന്ന പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

"..........The Original Application is accordingly disposed of directing the first and second respondents (Principal Secretary, LSGD and Principal Secretary, Forest & Wild Life (F) Dept.) to take appropriate action on the report submitted by the Local Self Government Department and to pass appropriate orders on creation of posts and absorption of the applicants in Government Service in accordance with the directions in Annexures A6 (Judgment dated 01.08.2019 in OP(KAT)No.285/2019) and A7 (Judgment dated 04.10.2019 in OP(KAT)No.376/2019) judgments without further delay, at any rate within a period of three months from the date of receipt of a copy of this order."

3) പരാമർശം (2), (3) ഉത്തരവുകളുടെ പരിഗണനയിൽ ഉൾപ്പെടാതിരുന്ന പരാതിക്കാരായ ശ്രീമതി.പാപ്പാത്തി മുതൽപേർ വനം വകുപ്പിൽ ജോലി നൽകണമെന്ന ആവശ്യവുമായി ഫയൽ ചെയ്ത മറ്റു കേസുകൾ, വനം വന്യജീവി വകുപ്പിന്റെ പരാമർശം (6) ഉത്തരവ് പ്രകാരം നിരാകരിച്ച് തദ്ദേശസ്വയം ഭരണ വകുപ്പിനെ സമീപിക്കുവാൻ പരാതിക്കാർക്ക് നിർദ്ദേശം നൽകി തീർപ്പാക്കിയിരുന്നു.

4) തുടർന്ന് ഗ്രാമവികസന കമ്മീഷണർ, മണ്ണാർക്കാട് ഡി.എഫ്.ഒ. എന്നിവരുടെ റിപ്പോർട്ടുകൾ ലഭ്യമാക്കിയിരുന്നു. പരാമർശം (1) ഉത്തരവ് പ്രകാരം അഹാഡ്സിലെ ആദിവാസി ജീവനക്കാർക്ക് പാലക്കാട് ജില്ലയിലെ ഹോം ഗാർഡ്സ്, ഫോറസ്റ്റ് ഗാർഡ് എന്നീ വിഭാഗങ്ങളിലുള്ള ഒഴിവുകളിൽ പരമാവധി നിയമനം നൽകുന്നതിനു ഉത്തരവായിരുന്നതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2), (3) പ്രകാരം അഹാഡ്സിൽ നിന്നുള്ള 91 പേരെ പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് (77), സൈലന്റ് വാലി (14) ഡിവിഷനുകളിൽ നിയമനം നല്കിയിരുന്നു. അഹാഡ്സ് നിർത്തലാക്കിയതിനെത്തുടർന്ന് പിരിച്ചു വിടപ്പെട്ട 80 പേർക്ക് (അഹാഡ്സ് പദ്ധതിയുടെ അവസാനം വരെ അഹാഡ്സിൽ നിന്ന് ശമ്പളം വാങ്ങി ജോലി ചെയ്തിരുന്ന ഓഫീസ് ജീവനക്കാർ, ഡ്രൈവർമാർ, ഫീൽഡ് ആനിമേറ്റർമാർ, വാട്ടർഷെഡ് കോ-ഓർഡിനേറ്റർമാർ എന്നിവർക്ക്) വനം വകുപ്പിൽ ഫോറസ്റ്റ് വാച്ചർ തസ്തികയിൽ നിയമനം നൽകിയിട്ടുള്ളതായും അഹാഡ്സിൽ നിന്നും നൽകിയ ലിസ്റ്റിൽ ഈ കേസിലെ പരാതിക്കാർ ഉൾപ്പെടാതിരുന്നതിനാലാണ് പ്രസ്തുത നിയമനത്തിൽ ഇവരെ പരിഗണിക്കപ്പെടാതെ പോയതെന്നും അറിയിച്ചിരുന്നു. ഗ്രാമവികസന വകുപ്പിലെ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ അപേക്ഷകരുടെ വെരിഫിക്കേഷൻ (തിരിച്ചറിയൽ രേഖ, അഹാഡ്സിന്റെ സാക്ഷ്യപത്രം, വിദ്യാഭ്യാസ യോഗ്യത) നടത്തി ശുപാർശ സഹിതം അർഹരായവരുടെ പേരുവിവരങ്ങൾ ലഭ്യമാക്കിയിരുന്നു.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. താത്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്നവരെ സ്ഥിരപ്പെടുത്തുന്ന വിഷയമല്ലാത്തതിനാൽ ഇത് State of Karnataka Vs Umadevi (AIR 2006 SC 1806) കേസിന്റെ പരിധിയിൽ വരുന്നതല്ല. കുറേ പേർക്ക് നിയമനം നൽകിയ സാഹചര്യത്തിലും, അഹാഡ്സിൽ ജോലി ചെയ്തിരുന്ന പട്ടിക ജാതിക്കാരായ 13 പേർക്ക് പരാമർശം (7) പ്രകാരം സർക്കാർ സർവ്വീസിൽ നിയമനം നൽകിയതുപോലെ പ്രസ്തുത കേസ് മുമ്പ് പരിഗണിച്ച വേളയിൽ ഇവരുടെ പേര് ലിസ്റ്റിൽ വിട്ടു പോയതായിരിക്കും എന്ന ഗ്രാമവികസന കമ്മീഷണറുടെ

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിലും അഹാഡ്സിന്റെ പ്രവർത്തനം അവസാനിപ്പിക്കുന്നതു വരെ അവിടെ ജോലിയിൽ തുടർന്ന അനുബന്ധമായി ചേർത്ത പട്ടികയിലെ ക്രമ നം.(1) മുതൽ (32) വരെയുള്ള ആദിവാസി വിഭാഗത്തിൽപ്പെട്ട 32 പേർക്ക് വനം വകുപ്പിലും തദ്ദേശ സ്വയംഭരണ വകുപ്പിലും യോഗ്യതയ്ക്കനുസരിച്ച് സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ശ്രീമതി.പാപ്പാത്തി മുതൽപേർ ഫയൽ ചെയ്ത M.A.1052/2020 (in O.A.(EKM) 965/2020) കേസിലെ 18.08.2020-ലെ പരാമർശം (5) പ്രകാരമുള്ള വിധിന്യായം പാലിച്ചും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SARADA MURALEEDHARAN IAS
ADDITIONAL CHIEF SECRETARY

പകർപ്പ്
അഡ്വക്കേറ്റ് ജനറൽ,കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
ബന്ധപ്പെട്ട വ്യക്തികൾക്ക് (ഗ്രാമവികസന കമ്മീഷണർ മുഖാന്തരം)
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ ജനറൽ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില), തൃശ്ശൂർ.
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, മണ്ണാർക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ./ജി.&എസ്.എസ്.എ.), കേരള, തിരുവനന്തപുരം.
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്
ജില്ലാ കളക്ടർ, പാലക്കാട്.
ധനകാര്യ വകുപ്പ് /നിയമ വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ് - (17/02/2021 ലെ ഇനം നമ്പർ. 4717 പ്രകാരം)
പട്ടിക ജാതി / പട്ടികവർഗ്ഗ വികസന വകുപ്പ്
ആഭ്യന്തര വകുപ്പ്
വനം വന്യജീവി വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം. | പേര് | തസ്തിക | ജോലി ചെയ്ത കാലയളവ് |
|---|---|---|---|
| 1 | ശ്രീമതി.പാപ്പാത്തി കെ.<br>ചെമ്മണ്ണൂർ | സാക്ഷരത ഇൻസ്ട്രക്ടർ | 2003 മാർച്ച് മുതൽ 2012 മാർച്ച് വരെ |
| 2 | ശ്രീമതി.ലക്ഷ്മി. സി.എം.<br>അടിയകണ്ടിയൂർ | സാക്ഷരത ഇൻസ്ട്രക്ടർ | 2003 മാർച്ച് മുതൽ 2012 മാർച്ച് വരെ |
| 3 | ശ്രീമതി.ജയന്തി ആർ.<br>മേലേകണ്ടിയൂർ | സാക്ഷരത ഇൻസ്ട്രക്ടർ | 2003 മാർച്ച് മുതൽ 2012 മാർച്ച് വരെ |
| 4 | ശ്രീമതി.ബിന്ദു സുരേഷ്.<br>കള്ളമല ഊര് | സാക്ഷരത ഇൻസ്ട്രക്ടർ | 2003 മാർച്ച് മുതൽ 2012 മാർച്ച് വരെ |
| 5 | ശ്രീമതി.രാമി വി. | സാക്ഷരത ഇൻസ്ട്രക്ടർ | 2006 മാർച്ച് മുതൽ 2012 മാർച്ച് വരെ |
| 6 | ശ്രീമതി.ഗീത കുപ്പൻ, സീങ്കര | സാക്ഷരത ഇൻസ്ട്രക്ടർ | 2003 മാർച്ച് മുതൽ 2012 മാർച്ച് വരെ |
| 7 | ശ്രീമതി.ലക്ഷ്മി കെ.ജി.<br>കരടിപാറ | സാക്ഷരത ഇൻസ്ട്രക്ടർ | 2003 മാർച്ച് മുതൽ 2012 മാർച്ച് വരെ |
| 8 | ശ്രീമതി.സെൽവി കെ.<br>ചേരമൻകണ്ടി | സാക്ഷരത ഇൻസ്ട്രക്ടർ | 2003 മാർച്ച് മുതൽ 2012 മാർച്ച് വരെ |
| 9 | ശ്രീമതി.വിജയ ആർ.<br>അടിയകണ്ടിയൂർ | സാക്ഷരത ഇൻസ്ട്രക്ടർ | 2004 മാർച്ച് മുതൽ 2012 മാർച്ച് വരെ |
| 10 | ശ്രീമതി.മല്ലിക കെ.എ.<br>പൊട്ടിക്കൽ ഊര്,<br>കൽക്കണ്ടി പി.ഒ. | സാക്ഷരത ഇൻസ്ട്രക്ടർ | 2003 മാർച്ച് മുതൽ 2012 മാർച്ച് വരെ |
| 11 | ശ്രീമതി.ബിന്ദു.<br>മട്ടത്തുകാട് | സാക്ഷരത ഇൻസ്ട്രക്ടർ | 2003 മാർച്ച് മുതൽ 2012 മാർച്ച് വരെ |
| 12 | ശ്രീമതി.റാണി.<br>വണ്ണാന്തറ ഊര്,<br>കോട്ടത്തറ പി.ഒ. | സാക്ഷരത ഇൻസ്ട്രക്ടർ | 12/2009 മുതൽ 2012 മാർച്ച് വരെ |
| 13 | ശ്രീമതി.ലീല ആർ.<br>നെല്ലിപ്പതി | സാക്ഷരത ഇൻസ്ട്രക്ടർ | 2003 മാർച്ച് മുതൽ 2012 മാർച്ച് വരെ |
| 14 | ശ്രീമതി.സരസ്വതി വി.<br>കാരയൂർ ഊര്,<br>കോട്ടത്തറ പി.ഒ. | സാക്ഷരത ഇൻസ്ട്രക്ടർ | 05/2010 മുതൽ 2012 മാർച്ച് വരെ |

| | | | |
|---|---|---|---|
| 15 | ശ്രീമതി.ശ്രീദേവി എസ്.<br>മന്തിമല | സാക്ഷരത<br>ഇൻസ്ട്രക്ടർ | 2003 മാർച്ച് മുതൽ<br>2012 മാർച്ച് വരെ |
| 16 | ശ്രീമതി.രുക്മിണി കെ.സി.<br>ദുണ്ടൂർ ഊര് | സാക്ഷരത<br>ഇൻസ്ട്രക്ടർ | 2004 മുതൽ<br>2012 മാർച്ച് വരെ |
| 17 | ശ്രീമതി.ശാന്തമ്മ.പി.<br>നയിനാംപട്ടി | സാക്ഷരത<br>ഇൻസ്ട്രക്ടർ | 2003 മുതൽ<br>2012 മാർച്ച് വരെ |
| 18 | ശ്രീമതി.വസന്തമണി.<br>വെള്ളമാരി ഊര് | സാക്ഷരത<br>ഇൻസ്ട്രക്ടർ | 01.03.2007മുതൽ<br>2012 മാർച്ച് വരെ |
| 19 | ശ്രീമതി.കമല.എം.<br>മേലേചാവടിയൂർ ഊര് | സാക്ഷരത<br>ഇൻസ്ട്രക്ടർ | 2003 മാർച്ച് മുതൽ<br>2012 മാർച്ച് വരെ |
| 20 | ശ്രീമതി.രുക്മിണി എം.<br>മേലേമുള്ളി | സാക്ഷരത<br>ഇൻസ്ട്രക്ടർ | 2003 മാർച്ച് മുതൽ<br>2012 മാർച്ച് വരെ |
| 21 | ശ്രീമതി.അംബിക.<br>താഴേമുള്ളി ഊര് | സാക്ഷരത<br>ഇൻസ്ട്രക്ടർ | 2003 മാർച്ച് മുതൽ<br>2012 മാർച്ച് വരെ |
| 22 | ശ്രീമതി.അനിത.എസ്.<br>ഇലച്ചിവഴി | സാക്ഷരത<br>ഇൻസ്ട്രക്ടർ | 2003 മാർച്ച് മുതൽ<br>2012 മാർച്ച് വരെ |
| 23 | ശ്രീമതി.സുധ പി.എം..<br>താന്നിചോട് | സാക്ഷരത<br>ഇൻസ്ട്രക്ടർ | 2003 മാർച്ച് മുതൽ<br>2012 മാർച്ച് വരെ |
| 24 | ശ്രീമതി.രേണുക എം.<br>കരുവാറ ഫാം | സാക്ഷരത<br>ഇൻസ്ട്രക്ടർ | 2003 മാർച്ച് മുതൽ<br>2012 മാർച്ച് വരെ |
| 25 | ശ്രീമതി.ഉഷ ആർ.,<br>കരുവാറ ഊര് | സാക്ഷരത<br>ഇൻസ്ട്രക്ടർ | 2003 മാർച്ച് മുതൽ<br>2012 മാർച്ച് വരെ |
| 26 | ശ്രീമതി.സരോജിനി മരുതൻ.<br>ഒസത്തിയൂർ | സാക്ഷരത<br>ഇൻസ്ട്രക്ടർ | 2003 മാർച്ച് മുതൽ<br>2012 മാർച്ച് വരെ |
| 27 | ശ്രീമതി. ഗൗരി സുബ്രമണിയൻ. | സാക്ഷരത<br>ഇൻസ്ട്രക്ടർ | 2003 മാർച്ച് മുതൽ<br>2012 മാർച്ച് വരെ |
| 28 | ശ്രീമതി.മാരി ബി.<br>വല്ലംവട്ടി | സാക്ഷരത<br>ഇൻസ്ട്രക്ടർ | 2003 മാർച്ച് മുതൽ<br>2012 മാർച്ച് വരെ |
| 29 | ശ്രീമതി.പാർവതി ബി.<br>താഴെ കക്കുപ്പടി ഊര് | സാക്ഷരത<br>ഇൻസ്ട്രക്ടർ | 2003 മാർച്ച് മുതൽ<br>2012 മാർച്ച് വരെ |
| 30 | ശ്രീമതി.സിന്ധു ബി. | സാക്ഷരത<br>ഇൻസ്ട്രക്ടർ | 2003 മാർച്ച് മുതൽ<br>2012 മാർച്ച് വരെ |
| 31 | ശ്രീമതി.ദീപ കെ.എ.<br>വണ്ടൻപാറ ഊര്, | സാക്ഷരത<br>ഇൻസ്ട്രക്ടർ | 2003മാർച്ച് മുതൽ<br>2012 മാർച്ച് വരെ |
| 32 | ശ്രീമതി. കാളിയമ്മ, (w/o. നഞ്ചൻ)<br>പാലൂർ ഊര് | സാക്ഷരത<br>ഇൻസ്ട്രക്ടർ | 2006 മാർച്ച് മുതൽ<br>2012 മാർച്ച് വരെ |

4996924/2021/(IB) LSGD

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : 17-02-2021

ഫയൽ നം. തസ്വഭവ-ഐബി2/24/2019-തസ്വഭവ. ഇനം നം: 4717

വിഷയം : തദ്ദേശ സ്വയംഭരണ വകുപ്പ് - മുൻ അഹാഡ്സിലെ സാക്ഷരതാ ഇൻസ്ട്രക്ടർമാർക്ക് നിയമനം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

Recd.
19/2/21
3.15PM.

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്.

4717

# കേരള സർക്കാർ
# (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നം. | തസ്വഭവ-ഐബി2/24/2019-തസ്വഭവ |
| 2 | വകുപ്പ് | തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ് |
| 3 | വിഷയം | മുൻ അഹാഡ്സിലെ സാക്ഷരതാ ഇൻസ്ട്രക്ടർമാർക്ക് നിയമനം നൽകുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി: | 10.02.2021 |
| 5 | (1) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(2) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ.<br>ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുകളുമായി ആലോചിച്ചിട്ടുണ്ടോ: ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്.<br>ഉണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ജയശ്രീ എം. |
| 8 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശാരദാ മുരളീധരൻ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 12.02.2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 13.02.2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | എ.സി. മൊയ്തീൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 13.02.2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 14.02.2021 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

അഹാഡ്സ് നിർത്തലാക്കിയ സമയത്ത് സാക്ഷരതാ ഇൻസ്ട്രക്ടർമാരായി ജോലി ചെയ്തിരുന്ന ശ്രീമതി. പാപ്പാത്തി മുതൽപേർ തങ്ങൾക്കും സർക്കാർ സർവീസിൽ നിയമനം നൽകണമെന്നാവശ്യപ്പെട്ട് ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത M.A. 1052/2020 (in O.A.(EKM) 965/2020) കേസിലെ 18.08.2020-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വ്യക്തികൾക്ക് സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2) 08.08.2012-ലെ G.O. (Ms) No. 216/2012/LSGD നമ്പർ ഉത്തരവ് പ്രകാരം അഹാഡ്സിലെ ആദിവാസി ജീവനക്കാർക്ക് പാലക്കാട് ജില്ലയിലെ ഹോം ഗാർഡ്സ്, ഫോറസ്റ്റ് ഗാർഡ് എന്നീ വിഭാഗങ്ങളിലുള്ള ഒഴിവുകളിൽ പരമാവധി നിയമനം നൽകുന്നതിന് ഉത്തരവായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലേക്ക് അനുവദിച്ച 120 തസ്തികകളിലേക്ക് അഹാഡ്സിൽ നിന്നുള്ള 91 പേരെ തെരഞ്ഞെടുക്കുകയും മണ്ണാർക്കാട് ഡിവിഷനിൽ 77 പേർക്കും സൈലന്റ് വാലി ഡിവിഷനിൽ 11 പേർക്കും നിയമനം നല്കിയിരുന്നു. മേൽ പട്ടികയിൽ ഉൾപ്പെടാതിരുന്ന പരാതിക്കാരായ ശ്രീമതി. പാപ്പാത്തി മുതൽപേർ വനം വകുപ്പിൽ ജോലി നൽകണമെന്ന ആവശ്യവുമായി ഫയൽ ചെയ്ത മറ്റു കേസുകൾ, വനം വന്യജീവി വകുപ്പിന്റെ 07/10/2020 ലെ സ.ഉ. (സാധാ) നം.237/2020/വനം ഉത്തരവ് പ്രകാരം നിരാകരിച്ച് തദ്ദേശസ്വയം ഭരണ വകുപ്പിനെ സമീപിക്കുവാൻ പരാതിക്കാർക്ക് നിർദ്ദേശം നൽകി തീർപ്പാക്കിയിരുന്നു.

3) ശ്രീമതി. പാപ്പാത്തി മുതൽപേർ ഫയൽ ചെയ്ത O.A. (EKM) 965/2020 കേസിലെ 10.07.2020-ലെ വിധിന്യായം പ്രകാരം ഒന്നാം എതിർ കക്ഷിയായ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, രണ്ടാം എതിർ കക്ഷിയായ വനം വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എന്നിവർ യഥാക്രമം 3,5,6 എതിർ കക്ഷികളായ ഗ്രാമവികസന കമ്മീഷണർ , മണ്ണാർക്കാട് ഡി . എഫ് . ഒ ., അഹാഡ് സ് ചെയർമാൻ (നിലവിൽ ഇല്ല) എന്നിവരിൽ നിന്നും രണ്ട് മാസത്തിനുള്ളിൽ റിപ്പോർട്ട് വാങ്ങി പരിശോധിച്ച് അടുത്ത രണ്ടു മാസത്തിനുള്ളിൽ തീരുമാനം എടുക്കുവാൻ നിർദ്ദേശിച്ചിരുന്നു. വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരുടെ അഹാഡ്സിലെ സേവനം സംബന്ധിച്ച് ഗ്രാമവികസന കമ്മീഷണർ, മണ്ണാർക്കാട് ഡി. എഫ്. ഒ. എന്നിവർ റിപ്പോർട്ടുകൾ സമർപ്പിച്ചിരുന്നു.

4) ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ടിൽ അഹാഡ്സ് നിർത്തലാക്കിയതിനെത്തുടർന്ന് ജോലി നഷ്ടപ്പെട്ട 80 പേർക്ക് വനം വകുപ്പിൽ ഫോറസ്റ്റ് വാച്ചർ തസ്തികയിൽ നിയമനം നൽകിയിട്ടുള്ളതായും നിലവിലെ പരാതിക്കാരായ ആർക്കും തന്നെ പ്രസ്തുത പട്ടികയിൽ ജോലി ലഭിച്ചിട്ടില്ലെന്നും അഹാഡ്സിൽ നിന്നും നൽകിയ ലിസ്റ്റിൽ പരാതിക്കാർ ഉൾപ്പെടാതിരുന്നതിനാലാണ് സ്ഥിരം നിയമനത്തിന് പരിഗണിക്കാതിരുന്നതെന്നും അറിയിച്ചിരുന്നു. ഗ്രാമവികസന വകുപ്പിലെ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ അപേക്ഷകരുടെ വെരിഫിക്കേഷൻ (തിരിച്ചറിയൽ രേഖ, അഹാഡ്സിന്റെ സാക്ഷ്യപത്രം, വിദ്യാഭ്യാസ യോഗ്യത) നടത്തി ശുപാർശ സഹിതം അർഹരായവരുടെ വിവരങ്ങൾ ലഭ്യമാക്കിയിരുന്നു. മണ്ണാർക്കാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ റിപ്പോർട്ട് പ്രകാരം അഹാഡ്സിന്റെ പ്രവർത്തനം അവസാനിച്ചതിനെ തുടർന്ന് വനം വകുപ്പിൽ അഹാഡ്സിൽ നിന്നുള്ള 91 പേരെ തിരഞ്ഞെടുക്കുകയും അവർക്ക് 2013-14 -ൽ ആദിവാസി വാച്ചർമാരായി മണ്ണാർക്കാട് (77 പേർ), സൈലന്റ് വാലി (14 പേർ) ഡിവിഷനുകളിലേക്ക് നിയമനം നൽകുകയും ചെയ്തിരുന്നതായി അറിയിച്ചിട്ടുണ്ട്. അഹാഡ്സ് പദ്ധതിയുടെ അവസാനം വരെ അഹാഡ്സിൽ നിന്ന് ശമ്പളം വാങ്ങി ജോലി ചെയ്തിരുന്ന ഓഫീസ് ജീവനക്കാർ, ഡ്രൈവർമാർ, ഫീൽഡ് ആനിമേറ്റർമാർ, വാട്ടർഷെഡ് കോ-ഓർഡിനേറ്റർമാർ എന്നിവരാണ് ഇപ്രകാരം സ്ഥിരപ്പെടുത്തിയവരെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കില ഡയറക്ടർ ജനറലിന്റെ റിപ്പോർട്ട് പ്രകാരം മുൻ അഹാഡ്സ് പ്രോജക്ട് ഡയറക്ടർ 2012-ൽ നൽകിയ 91 പേരുടെ ലിസ്റ്റിൽ അപാകതകൾ ഉണ്ടാവാൻ സാധ്യത കുറവാണെന്നും അഹാഡ്സിലെ ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ നൽകിയ ലിസ്റ്റാവാം എന്നും അറിയിച്ചിരുന്നു. അഹാഡ്സ് നേരിട്ട് എന്തെങ്കിലും ഇൻർവ്യൂ / പരീക്ഷകൾ നടത്തിയല്ല മറിച്ച് ഓരോ ഊരിലേയും ഊരു വികസന സമിതികളാണ് ഹാജർ ഉൾപ്പെടെ നോക്കിയിരുന്നതും ഇവരെ സാക്ഷരതാ ഇൻസ്ട്രക്ടർ ആയി തെരഞ്ഞെടുത്തിരുന്നതെന്നും ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ഇവരുടെ സേവനം സംബന്ധിച്ച് മറ്റു വിവരങ്ങൾ ഇല്ലെന്നും റിപ്പോർട്ട് ചെയ്തിരുന്നു.

5) ഇതിനിടയിൽ, OA(EKM)-965/2020 നമ്പർ കേസിൽ ഫയൽ ചെയ്ത MA(EKM)-1052/2020 യിൽ ബഹു. ട്രിബ്യൂണലിന്റെ 18.08.2020-ലെ ഉത്തരവ് പ്രകാരം 10.07.2020-ലെ ഉത്തരവ് ഭേദഗതി വരുത്തി താഴെ പറയുന്ന പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

"...........The Original Application is accordingly disposed of directing the first and second respondents (Principal Secretary, LSGD and Principal Secretary, Forest & Wild Life (F) Dept.) to take appropriate action on the report submitted by the Local Self Government Department and to pass appropriate

orders on creation of posts and absorption of the applicants in Government Service in accordance with the directions in Annexures A6 and A7 judgments without further delay, at any rate within a period of three months from the date of receipt of a copy of this order."

6) സമാനകേസിൽ കുറേ പേർക്ക് നിയമനം നൽകിയ സാഹചര്യത്തിലും പ്രസ്തുത കേസ് മുമ്പ് പരിഗണിച്ച വേളയിൽ ഇവരുടെ പേര് ലിസ്റ്റിൽ വിട്ടു പോയതായിരിക്കും എന്ന ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിലും അഹാഡ്സ് നിർത്തലാക്കിയപ്പോൾ അതായത് 2012 മാർച്ച് വരെ ജോലിയിൽ തുടർന്നവർക്ക് മാത്രം പ്രത്യേകിച്ചും അഹാഡ്സ് നിർത്തലാക്കിയതിനാലും സാക്ഷരത തസ്തികകൾ നിലവിലില്ലാത്തതിനാലും സർക്കാർ സ്ഥാപനങ്ങളിൽ നിയമ/ധനകാര്യ വകുപ്പുകളുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അനുയോജ്യമായ നിയമനം നൽകുന്നത് തീരുമാനിക്കുന്നതിനായി ഫയൽ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ ബഹു. മന്ത്രി താഴെപ്പറയുന്ന പ്രകാരം കുറിപ്പ് രേഖപ്പെടുത്തി ഫയൽ ബഹു. നിയമ-പട്ടികജാതി വികസന വകുപ്പ്, ധനകാര്യ വകുപ്പ് മന്ത്രിമാരുടെ അഭിപ്രായത്തിനായി നൽകുകയുണ്ടായി.

*"അഹാഡ്സ് നിർത്തലാക്കുമ്പോൾ അതുവരെ അവിടെ ജോലി ഉണ്ടായിരുന്ന ആദിവാസി വിഭാഗക്കാരായ 91 ജീവനക്കാർക്ക് വനം വകുപ്പിൽ വാച്ചർമാരായി സർക്കാർ നിയമനം നൽകിയിരുന്നു. പട്ടികയിൽ ഉൾപ്പെടാതിരുന്ന ആദിവാസി വിഭാഗക്കാരായ സാക്ഷരതാ ഇൻസ്ട്രക്ടർമാർക്കും നിയമനം നൽകണം എന്നാവശ്യപ്പെട്ട് ശ്രീമതി പാപ്പാത്തി മുതൽപേർ നൽകിയ കേസിൽ ഫയൽ ചെയ്ത MA(EKM)-1052/2020 ൽ ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 8/08/2020 ലെ ഉത്തരവു പ്രകാരം തദ്ദേശ സ്വയംഭരണ, വനം-വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിമാർ വിഷയം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കേണ്ടതും ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് 01/08/2019 ലെയും 04/10/2019 ലെയും കോടതി വിധികളിലെ നിർദ്ദേശങ്ങൾക്കനുസൃതമായി മൂന്നുമാസത്തിനകം പരാതിക്കാരെ സർക്കാർ സർവ്വീസിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്.*

*താത്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്നവരെ സ്ഥിരപ്പെടുത്തുന്ന വിഷയമല്ലാത്തതിനാൽ ഇത് State of Karnataka Vs Umadevi (AIR 2006 SC 1806) കേസിന്റെ പരിധിയിൽ വരേണ്ടതില്ല.*

*സമാനമായ കേസിൽ അഹാഡ്സിൽ ജോലി ചെയ്തിരുന്ന പട്ടിക ജാതിക്കാരായ 15 പേർക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകിയതുപോലെ (File NO.IB2/241/2018/LSGD) അഹാഡ്സിന്റെ പ്രവർത്തനം അവസാനിപ്പിക്കുന്നതു വരെ അവിടെ ജോലിയിൽ തുടർന്ന ക്രമ നം.1 മുതൽ 32 വരെയുള്ള ആദിവാസികളായ 32 പേർക്ക് വനം വകുപ്പിലും തദ്ദേശ സ്വയംഭരണ വകുപ്പിലും സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകുന്ന വിഷയം നിയമ, ധനകാര്യ വകുപ്പുകളുടെ അഭിപ്രായം സഹിതം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണ്.*

*ബഹു.നിയമം-പട്ടികജാതി-പട്ടിക വർഗ്ഗ ക്ഷേമ, ധനകാര്യ വകുപ്പ് മന്ത്രിമാർ അഭിപ്രായം രേഖപ്പെടുത്തിയാലും. "*

7) ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ "നിർദ്ദേശം അംഗീകരിക്കാവുന്നതാണെന്ന് " ബഹു.നിയമം-പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് മന്ത്രിയും ധനകാര്യ വകുപ്പ് മന്ത്രിയും അഭിപ്രായം രേഖപ്പെടുത്തി.

8) മേൽ സാഹചര്യത്തിൽ, അഹാഡ്സ് നിർത്തലാക്കുന്നത് വരെ അവിടെ ജോലിയിൽ തുടർന്ന ക്രമനമ്പർ 1 മുതൽ 32 വരെയുള്ള ആദിവാസികളായ സാക്ഷരതാ ഇൻസ്ട്രക്ടർമാർക്ക് യോഗ്യതയ്ക്കനുസരിച്ച് സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് വനം വകുപ്പിലും തദ്ദേശ സ്വയംഭരണ വകുപ്പിലും നിയമനം നൽകുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച ഉത്തരവുകൾക്കായി ഫയൽ ബഹു. മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ ബഹു.മുഖ്യമന്ത്രി ആയതു അംഗീകരിച്ചു.

## തീരുമാനിക്കേണ്ട വിഷയം

അഹാഡ്സ് നിർത്തലാക്കുന്നതുവരെ അവിടെ ജോലിയിൽ തുടർന്ന ക്രമനമ്പർ 1 മുതൽ 32 വരെയുള്ള ആദിവാസി വിഭാഗത്തിൽപ്പെട്ട സാക്ഷരതാ ഇൻസ്ട്രക്ടർമാർക്ക് (അനുബന്ധം) യോഗ്യതയ്ക്കനുസരിച്ച് സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് വനം വകുപ്പിലും തദ്ദേശ സ്വയംഭരണ വകുപ്പിലും നിയമനം നൽകാമോ ?

## അനുബന്ധം

| ക്രമ നം. | പേര് | തസ്തിക | ജോലി ചെയ്ത കാലയളവ് |
|---|---|---|---|
| 1 | ശ്രീമതി.പാപ്പാത്തി കെ.<br>ചെമ്മണ്ണൂർ | സാക്ഷരത ഇൻസ്ട്രക്ടർ | 2003 മാർച്ച് മുതൽ 2012 മാർച്ച് വരെ |
| 2 | ശ്രീമതി.ലക്ഷ്മി. സി.എം.<br>അടിയകണ്ടിയൂർ | സാക്ഷരത ഇൻസ്ട്രക്ടർ | 2003 മാർച്ച് മുതൽ 2012 മാർച്ച് വരെ |
| 3 | ശ്രീമതി.ജയന്തി ആർ.<br>മേലേകണ്ടിയൂർ | സാക്ഷരത ഇൻസ്ട്രക്ടർ | 2003 മാർച്ച് മുതൽ 2012 മാർച്ച് വരെ |
| 4 | ശ്രീമതി.ബിന്ദു സുരേഷ്.<br>കളളമല ഊര് | സാക്ഷരത ഇൻസ്ട്രക്ടർ | 2003 മാർച്ച് മുതൽ 2012 മാർച്ച് വരെ |
| 5 | ശ്രീമതി.രാമി വി. | സാക്ഷരത ഇൻസ്ട്രക്ടർ | 2006 മാർച്ച് മുതൽ 2012 മാർച്ച് വരെ |
| 6 | ശ്രീമതി.ഗീത കുപ്പൻ, സീങ്കര | സാക്ഷരത ഇൻസ്ട്രക്ടർ | 2003 മാർച്ച് മുതൽ 2012 മാർച്ച് വരെ |
| 7 | ശ്രീമതി.ലക്ഷ്മി കെ.ജി.<br>കരടിപാറ | സാക്ഷരത ഇൻസ്ട്രക്ടർ | 2003 മാർച്ച് മുതൽ 2012 മാർച്ച് വരെ |
| 8 | ശ്രീമതി.സെൽവി കെ.<br>ചേരമൻകണ്ടി | സാക്ഷരത ഇൻസ്ട്രക്ടർ | 2003 മാർച്ച് മുതൽ 2012 മാർച്ച് വരെ |
| 9 | ശ്രീമതി.വിജയ ആർ.<br>അടിയകണ്ടിയൂർ | സാക്ഷരത ഇൻസ്ട്രക്ടർ | 2004 മാർച്ച് മുതൽ 2012 മാർച്ച് വരെ |
| 10 | ശ്രീമതി.മല്ലിക കെ.എ.<br>പൊട്ടിക്കൽ ഊര്,<br>കൽക്കണ്ടി പി.ഒ. | സാക്ഷരത ഇൻസ്ട്രക്ടർ | 2003 മാർച്ച് മുതൽ 2012 മാർച്ച് വരെ |
| 11 | ശ്രീമതി.ബിന്ദു.<br>മട്ടത്തുകാട് | സാക്ഷരത ഇൻസ്ട്രക്ടർ | 2003 മാർച്ച് മുതൽ 2012 മാർച്ച് വരെ |
| 12 | ശ്രീമതി.റാണി.<br>വണ്ണാന്തറ ഊര്,<br>കോട്ടത്തറ പി.ഒ. | സാക്ഷരത ഇൻസ്ട്രക്ടർ | 12/2009 മുതൽ 2012 മാർച്ച് വരെ |
| 13 | ശ്രീമതി.ലീല ആർ.<br>നെല്ലിപ്പതി | സാക്ഷരത ഇൻസ്ട്രക്ടർ | 2003 മാർച്ച് മുതൽ 2012 മാർച്ച് വരെ |
| 14 | ശ്രീമതി.സരസ്വതി വി.<br>കാരയൂർ ഊര്,<br>കോട്ടത്തറ പി.ഒ. | സാക്ഷരത ഇൻസ്ട്രക്ടർ | 05/2010 മുതൽ 2012 മാർച്ച് വരെ |
| 15 | ശ്രീമതി.ശ്രീദേവി എസ്.<br>മന്തിമല | സാക്ഷരത ഇൻസ്ട്രക്ടർ | 2003 മാർച്ച് മുതൽ 2012 മാർച്ച് വരെ |
| 16 | ശ്രീമതി.രുക്മിണി കെ.സി.<br>ദുണ്ടൂർ ഊര് | സാക്ഷരത ഇൻസ്ട്രക്ടർ | 2004 മുതൽ 2012 മാർച്ച് വരെ |
| 17 | ശ്രീമതി.ശാന്തമ്മ.പി. | സാക്ഷരത | 2003 മുതൽ |

| | | | |
|---|---|---|---|
| | നയിനാംപട്ടി | ഇൻസ്ട്രക്ടർ | 2012 മാർച്ച് വരെ |
| 18 | ശ്രീമതി.വസന്തമണി.<br>വെള്ളമാരി ഊര് | സാക്ഷരത<br>ഇൻസ്ട്രക്ടർ | 01.03.2007 മുതൽ<br>2012 മാർച്ച് വരെ |
| 19 | ശ്രീമതി.കമല.എം.<br>മേലേചാവടിയൂർ ഊര് | സാക്ഷരത<br>ഇൻസ്ട്രക്ടർ | 2003 മാർച്ച് മുതൽ<br>2012 മാർച്ച് വരെ |
| 20 | ശ്രീമതി.രുക്മിണി എം.<br>മേലേമുള്ളി | സാക്ഷരത<br>ഇൻസ്ട്രക്ടർ | 2003 മാർച്ച് മുതൽ<br>2012 മാർച്ച് വരെ |
| 21 | ശ്രീമതി.അംബിക.<br>താഴേമുള്ളി ഊര് | സാക്ഷരത<br>ഇൻസ്ട്രക്ടർ | 2003 മാർച്ച് മുതൽ<br>2012 മാർച്ച് വരെ |
| 22 | ശ്രീമതി.അനിത.എസ്.<br>ഇലച്ചിവഴി | സാക്ഷരത<br>ഇൻസ്ട്രക്ടർ | 2003 മാർച്ച് മുതൽ<br>2012 മാർച്ച് വരെ |
| 23 | ശ്രീമതി.സുധ പി.എം..<br>താന്നിചോട് | സാക്ഷരത<br>ഇൻസ്ട്രക്ടർ | 2003 മാർച്ച് മുതൽ<br>2012 മാർച്ച് വരെ |
| 24 | ശ്രീമതി.രേണുക എം.<br>കരുവാറ ഫാം | സാക്ഷരത<br>ഇൻസ്ട്രക്ടർ | 2003 മാർച്ച് മുതൽ<br>2012 മാർച്ച് വരെ |
| 25 | ശ്രീമതി.ഉഷ ആർ.,<br>കരുവാറ ഊര് | സാക്ഷരത<br>ഇൻസ്ട്രക്ടർ | 2003 മാർച്ച് മുതൽ<br>2012 മാർച്ച് വരെ |
| 26 | ശ്രീമതി.സരോജിനി മരുതൻ.<br>ഒസത്തിയൂർ | സാക്ഷരത<br>ഇൻസ്ട്രക്ടർ | 2003 മാർച്ച് മുതൽ<br>2012 മാർച്ച് വരെ |
| 27 | ശ്രീമതി. ഗൗരി സുബ്രമണിയൻ. | സാക്ഷരത<br>ഇൻസ്ട്രക്ടർ | 2003 മാർച്ച് മുതൽ<br>2012 മാർച്ച് വരെ |
| 28 | ശ്രീമതി.മാരി ബി.<br>വല്ലംവട്ടി | സാക്ഷരത<br>ഇൻസ്ട്രക്ടർ | 2003 മാർച്ച് മുതൽ<br>2012 മാർച്ച് വരെ |
| 29 | ശ്രീമതി.പാർവതി ബി.<br>താഴെ കക്കുപ്പടി ഊര് | സാക്ഷരത<br>ഇൻസ്ട്രക്ടർ | 2003 മാർച്ച് മുതൽ<br>2012 മാർച്ച് വരെ |
| 30 | ശ്രീമതി.സിന്ധു ബി. | സാക്ഷരത<br>ഇൻസ്ട്രക്ടർ | 2003 മാർച്ച് മുതൽ<br>2012 മാർച്ച് വരെ |
| 31 | ശ്രീമതി.ദീപ കെ.എ.<br>വണ്ടൻപാറ ഊര്, | സാക്ഷരത<br>ഇൻസ്ട്രക്ടർ | 2003 മാർച്ച് മുതൽ<br>2012 മാർച്ച് വരെ |
| 32 | ശ്രീമതി. കാളിയമ്മ, (w/o. നഞ്ചൻ), സാക്ഷരത ഇൻസ്ട്രക്ടർ - ഗ്രാമ വികസന കമ്മീഷണർ നടത്തിയ വെരിഫിക്കേഷനിൽ ഹാജരായിട്ടില്ല. 2006 മാർച്ച് മുതൽ 2012 മാർച്ച് വരെ സേവനം അനുഷ്ഠിച്ച സാക്ഷ്യപത്രം ലഭ്യമാണ്.<br><br>(ശ്രീമതി. കാളിയമ്മ പുതൂർ പഞ്ചായത്ത് അംഗമാണെന്ന് അനൗദ്യോഗികമായി അറിയുവാൻ കഴിഞ്ഞു). | | |